

# മുട്ടക്കോഴി വളർത്തൽ

## പരിപാലനം, രോഗനിവാരണം





**ICAR-KRISHI VIGYAN KENDRA**

Hosted By : Bapooji Sevak Samaj
Farm Science Centre, ICAR Govt. of India
Pethotty P.O, Santhanpara, Idukki Dist., Kerala, Pin: 685619
Phone :8157895397
Email :kvksanthanpara@gmail.com
Website : www.kvkidukki.org

## ആമുഖം

വീട്ടുമുറ്റത്തും വാണിജ്യാടിസ്ഥാനത്തിലും ശാസ്ത്രീയ രീതിയിൽ കോഴി വളർത്തൽ സംരഭത്തിൽ ഏർപ്പെടാം. വിജയകരമായി നടപ്പാക്കാം.

## ഇനങ്ങൾ

ഗ്രാമലക്ഷ്മി (ആസ്ട്രോവൈറ്റ്) ഗ്രാമപ്രീയ, അതുല്യ (ഐ.എൽ. എം.90) കലിംഗോ ബ്രൗൺ(റോഡോവൈറ്റ്) പാസ്സ് ജ്യോതി, ഗിരിരാജ തുടങ്ങിയ സങ്കരവർഗ്ഗക്കോഴികൾ കേരളത്തിന് അനുയോജ്യമാണ്. മൃഗസംരക്ഷണ വകുപ്പ് സ്ഥാപനങ്ങളിലും സ്വകാര്യ ഹാച്ചറികളിലും കോഴികുഞ്ഞുങ്ങൾ ലഭിക്കും.

## കൂട് (വീട്ടുവളപ്പിൽ)

10-12 കോഴികളെ വീട്ടുവളപ്പിൽ പകൽസമയം തുറന്നുവിട്ട് തീറ്റി പ്പോറ്റുകയും, രാത്രി കാലങ്ങളിൽ മാത്രം കൂടുകളിൽ സൂക്ഷിക്കുകയും ചെയ്യുന്ന ഈ രീതി അന്തരീക്ഷ ഊഷ്മാവും ഈർപ്പവും നിറഞ്ഞ കേരളത്തിലെ കാലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യം. ഇങ്ങനെ വളർത്തുമ്പോൾ ഒരു കോഴിക്ക് രാപ്പാർക്കാൻ ഒരു ചതുരശ്ര അടി സ്ഥലം അനുവദിക്കണം. 4 അടി നീളവും 3 അടി വീതിയും 2 അടി പൊക്കവുമുള്ള കൂട്ടിൽ 10-12 കോഴി കളെ പാർപ്പിക്കാം. കൂട് തറനിരപ്പിൽനിന്നും 1-2 അടി ഉയരത്തിൽ കാലു കൾ കൊടുത്തു വയ്ക്കുന്നതാണ് നല്ലത്. കൂട്ടിനുള്ളിൽ തീറ്റപ്പാത്രങ്ങളും വെള്ള പ്പാത്രങ്ങളും സജ്ജീകരിക്കണം. സുരക്ഷിതമായതും യഥേഷ്ടം കാറ്റും വെളി ച്ചവും കടക്കത്തക്ക കൂടുകളായിരിക്കണം നിർമ്മിക്കേണ്ടത്. മരം കൊണ്ടോ കമ്പി വലകൾ കൊണ്ടോ ചിലവുകുറഞ്ഞ കൂടുകൾ പ്രാദേശികമായി നിർമ്മിക്കാം. മേൽക്കൂരയ്ക്ക് ഓല, ഓട്, ഷീറ്റ് എന്നിവയിലേതെങ്കിലും ഒന്ന് ഉപയോഗിക്കാം. കൂട് വീടിന്റെ പരിസരത്തുള്ള ഉയർന്ന പ്രദേശത്താണ് വയ്ക്കേണ്ടത്. ആവശ്യാനു സരണം മാറ്റി സ്ഥാപിക്കാൻ പറ്റുന്ന തരത്തിലുള്ളവയുമായിരിക്കണം.

പച്ചക്കറി കൃഷിയും ചെടികളും മറ്റും വീട്ടുമുറ്റത്തുണ്ടെങ്കിൽ കോഴി കൾ അവനശിപ്പിക്കാൻ സാധ്യതയുണ്ട്. അടുത്തടുത്ത് വാസസ്ഥലങ്ങൾ ഉള്ള പ്പോൾ വീടുകളിലെ കോഴികളെ തിരിച്ചറിയാൻ പ്രയാസമാണ്. ഇത്തരക്കാർക്ക് കോഴിക്കൂടിന് ചുറ്റും ഒരു കോഴിക്ക് 5 ചതുരശ്ര അടി എന്ന കണക്കിൽ കമ്പിവേലിയോ പ്ലാസ്റ്റിക് വലയോ കൊണ്ട് വേലികെട്ടിത്തിരിച്ച് പകൽ തുറ ന്നുവിടാം.

കോഴിക്കൂടും പരിസരവും പതിവായി തൂത്ത് വൃത്തിയാക്കണം. കൂടു കൾ കാലാകാലങ്ങളിൽ റിപ്പയർ ചെയ്ത് പെയിന്റടിക്കുകയും മാറ്റി സ്ഥാപി ക്കുകയും വേണം.



പത്തിൽ കൂടുതൽ കോഴിക്കുഞ്ഞുങ്ങളുണ്ടെങ്കിൽ ഡീപ്പ് ലിറ്റർ (അറ ക്കപ്പൊടി ഉപയോഗിച്ച്) സമ്പ്രദായത്തിൽ കോൺക്രീറ്റ് തറകളിൽ വളർത്തുന്ന താണ് ഉത്തമം. മുട്ടയുൽപ്പാദനവും വിപണനവുമാണ് ലക്ഷ്യമെങ്കിൽ 1 കോഴിക്ക് 2.25 ചതുരശ്ര അടി സ്ഥലം അനുവദിക്കണം. എഗ്ഗർ നഴ്സറിയാണ് ലക്ഷ്യമെ ങ്കിൽ ഒരു കോഴിക്കുഞ്ഞിന് അര ചതുരശ്ര അടി സ്ഥലം മതിയാകും. ഡീപ്പ്-ലിറ്റർ സമ്പ്രദായത്തിൽ ഒരു ദിവസം പ്രായമാകുമ്പോൾ മുതലുള്ള കോഴികു ഞ്ഞുങ്ങളെ ക്രിത്രിമച്ചൂട് നൽകി വളർത്താൻ സാധിക്കുന്നു.

## പട്ടണങ്ങളിൽ

കമ്പി ഗ്രില്ലുകൾ ഘടിപ്പിച്ച കൂടുകളാണ് അനുയോജ്യം. 45 * 40*23 സെന്റീമീറ്റർ വലിപ്പമുള്ള ഒരു കൂട്ടിൽ 4 കോഴികളെ വളർത്താം. കൂടിന്റെ തറയ്ക്ക് മുന്നിലേക്ക് ചെറിയ ചരിവ് നൽകുന്നു. മുട്ട ശേഖരിക്കാൻ സൗകര്യ ത്തിന്. ഇത് രണ്ട് തട്ടായി വളർത്തിയാൽ കൂടുതൽ കോഴികളെ വളർത്താം. കൂടിനുള്ളിൽത്തന്നെ തീറ്റയ്ക്കും വെള്ളത്തിനുമുള്ള പ്രത്യേക തരത്തിലുള്ള പാത്രങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. ഓരോ തട്ടിലേയും കാഷ്ഠം അടിയിലുള്ള ട്രേയിൽ ശേഖരിക്കപ്പെടും.

## ടെറസ്സിൽ

100 കോഴികളെ വരെ അഥവാ മട്ടുപ്പാവിൽ വളർത്തുന്നതിനുള്ള കേജു കൾ ലഭ്യമാണ്.

## വ്യവസായിക അടിസ്ഥാനത്തിൽ വളർത്തുമ്പോൾ

കാലാവസ്ഥയിലെ മാറ്റങ്ങൾ ബാധിക്കാത്ത എൺവയോൺമെന്റ് കൺട്രോൾ ഹൗസുകളിലോ എലിവേറ്റഡ് ഷെഡ്ഡുകളിലോ കേജുകൾ വളർത്താ വുന്നതാണ്. ഒരു കൂട്ടിൽ 2500-3000 വരെ കോഴികളെ വളർത്താം. ഇത്തരം ഷെഡ്ഡുകളിൽ 1 തൊഴിലാളി മതിയാകും. തീറ്റയും വെള്ളവും ഓട്ടോമാറ്റിക് രീതി യിലാണ് നൽകുന്നത്. മുട്ടശേഖരണവും പ്രതിരോധകുത്തിവയ്പ്പും വരെ യന്ത്ര വൽക്കരണത്തിലൂടെ നടക്കുന്നു. എന്നാൽ വളരെയധികം മുതൽമുടക്ക് ഈ രീതിയിലെ വളർത്തലിന് ആവശ്യമാണ്.

## പരിപാലനം

മുട്ടക്കോഴി വളർത്തൽ ലാഭകരമാക്കാൻ ശാസ്ത്രീയ പരിചരണ മുറ കൾ അനുവർത്തിക്കണം. മുട്ടക്കോഴികളുടെ വളർച്ചാഘട്ടത്തെ മൂന്നായി തിരി ച്ചിരിക്കുന്നു.

| | |
|---|---|
| 0-8 ആഴ്ച | - കോഴിക്കുഞ്ഞുങ്ങൾ |
| 9-19 ആഴ്ച | - വളരുന്ന കോഴികൾ |
| 20 ആഴ്ച മുതൽ | - വലിയ കോഴികൾ |

## കോഴിക്കുഞ്ഞുങ്ങളുടെ പരിപാലനം

1 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ തൂവൽ വളർച്ച എത്തുന്നത് വരെ കൃത്രിമച്ചൂട് നൽകി വളർത്തുന്നതിനെയാണ് ബ്രൂഡിംഗ് എന്ന് പറയുന്നത്. അന്തരീക്ഷത്തിലെ ചൂടിനെ ആസ്പദമാക്കിയാണ് ബ്രൂഡിംഗ് കാലാവധി നിശ്ചയിക്കുന്നത്. സാധാരണ 2-3 ആഴ്ചയാണ് ബ്രൂഡിംഗ് കാലാവധി. മഴക്കാലമാണെങ്കിൽ 3-4 ആഴ്ച്ചവരെയാകാം ബ്രൂഡിംഗ്. ബ്രൂഡിംഗിനായി ഡീപ്പ് ലിറ്റർ കൂടുകളോ ബാറ്ററി ബ്രൂഡിംഗ് കേജുകളോ തിരഞ്ഞെടുക്കാം. കോഴിക്കുഞ്ഞുങ്ങൾ എത്തുന്നതിന് രണ്ട് ആഴ്ച മുൻപ് കൂടൊരുക്കൽ തുടങ്ങണം.

1 ലിറ്റർ വെള്ളത്തിൽ 50 മില്ലി എന്ന നിരക്കിൽ ഏതെങ്കിലും അണുനാശിനി ഉപയോഗിച്ച് കൂടിന്റെ തറ, ചുമരുകൾ, കമ്പിവല എന്നിവ കഴുകി വൃത്തിയാക്കണം. തീറ്റപ്പാത്രങ്ങളും വെള്ളപ്പാത്രങ്ങളും അണുനാശിനി ഉപയോഗിച്ച് കഴുകി വെയിലത്ത് വച്ച് ഉണക്കണം. ശേഷം കൂടിന്റെ തറ, ചുമരുകൾ എന്നിവിടങ്ങളിൽ 3:1 എന്ന അനുപാതത്തിൽ കുമ്മായവും ബ്ലീച്ചിംഗ് പൗഡറും കൂടി കലർത്തി വെള്ളയടിക്കണം (വൈറ്റ് വാഷിംഗ്) അതിനുശേഷം കൂട് ഉണങ്ങാനായി സമയം അനുവദിക്കുക.

കൂട് നല്ലപോലെ ഉണങ്ങിയശേഷം തറയിൽ വിരിപ്പായി അറക്കപ്പൊടി, ചിന്തേരുപൊടി, ചെറുതായി നുറുക്കിയ വയ്ക്കോൽ, നിലക്കടലത്തോട് എന്നിവയിലേതെങ്കിലുമൊന്ന് (വിലയും ലഭ്യതയും അനുസരിച്ച്) ഉപയോഗിക്കാം. കൂട്ടിൽ വിരിക്കുന്നതിന് മുൻപായി ഇവ വെയിലത്ത് നന്നായി ഉണക്കണം. കോഴിക്കുഞ്ഞുങ്ങളുടെ കാലുകൾക്ക് ക്ഷതം സംഭവിക്കാതിരിക്കാൻ അതിൽ ഉള്ള മുള്ളാണികൾ, കൂർത്ത തടിച്ചീളുകൾ, മറ്റ് കട്ടിയുള്ള വസ്തുക്കൾ എന്നിവ മാറ്റുക.

തറയിൽ 5 സെന്റീമീറ്റർ കനത്തിൽ വേണം ലിറ്റർ വിരിക്കാൻ. അതിനു മുകളിൽ 250 കോഴികുഞ്ഞുങ്ങളെ (1 യൂണിറ്റ്) വളർത്തുന്നതിനായി 1 മീറ്റർ (3-4) അടി വ്യാസമുള്ള കുട്ടയോ തകരമോ ഹോവറായി കെട്ടിത്തൂക്കുകയോ ഇഷ്ടികകൊണ്ട് പൊക്കിവയ്ക്കുകയോ ചെയ്യാം. അതിൽ നിന്ന് കൃത്രിമച്ചൂട് നൽകുന്നതിനായി ഒരു കോഴിക്കുഞ്ഞിന് 1 വാട്ട് എന്ന നിരക്കിൽ 40 വാട്ടിന്റെയും 60 വാട്ടിന്റെയും ബൾബുകൾ തൂക്കിയിടാം. 100 വാട്ട്സിന്റെ ബൾബുകൾ ഒഴിവാക്കുക. ബൾബുകൾ തറയിൽ നിന്ന് 50 സെന്റീമീറ്റർ ഉയരത്തിലായിരിക്കണം. ഹോവർ അതിനനുസൃതമായി ക്രമീകരിക്കുക. കോഴിക്കുഞ്ഞുങ്ങൾ ബ്രൂഡറിന് വെളിയിലേക്ക് പോകാതിരിക്കാൻ 1 അടി പൊക്കമുള്ളതും ഹോവറിൽ നിന്ന് 2 അടി വ്യാസമുള്ളതുമായ ചിക് ഗാർഡ് ഉപയോഗിക്കണം. പ്ലൈവുഡ്, കാർഡ്ബോർഡ്, തകരം, പനമ്പ് എന്നിവയിലേതെങ്കിലും ഉപയോഗിച്ച് ചിക് ഗാർഡ് നിർമ്മിക്കാം. ലിറ്ററിന് മുകളിൽ ന്യൂസ് പേപ്പർ നിരത്തണം. കുഞ്ഞുങ്ങൾക്കുള്ള തീറ്റപ്പാത്രങ്ങളും വെള്ളപ്പാത്രങ്ങളും ബ്രൂഡറിൽ സജ്ജീ



കരിക്കുക. കോഴിക്കുഞ്ഞുങ്ങൾ എത്തുന്നതിന് 12 മണിക്കൂർ മുൻപ് ബ്രൂഡർ പ്രവർത്തിപ്പിക്കണം.

കോഴിക്കുഞ്ഞുങ്ങളെ നല്ല വായുസഞ്ചാരമുള്ള ചിക്ക് ബോക്സിലായിരിക്കണം കൊണ്ടുവരേണ്ടത്. അല്ലെങ്കിൽ യാത്രാമദ്ധ്യേ മരണം സംഭവിക്കാം. കൊണ്ടുവന്നയുടനെ ഗ്ലൂക്കോസ്/ കരിപ്പെട്ടി ചേർത്ത വെള്ളം കുടിക്കാൻ നൽകുക. അതിനുശേഷം സ്റ്റാർട്ടർ തീറ്റ പേപ്പറിന് മുകളിൽ വിതറണം. നുറുക്കിയ ഗോതമ്പ്, ചോളം, പൊടി അരി, റവ എന്നിവ തീറ്റയ്ക്ക് പകരം ഉപയോഗിക്കാം. കൂടിനുള്ളിൽ ആവശ്യാനുസരണം വായുസഞ്ചാരവും താപനിലയും ക്രമീകരിക്കണം.

ബ്രൂഡിംഗ് കാലഘട്ടത്തിൽ കോഴിക്കുഞ്ഞുങ്ങൾക്ക് വേണ്ടുന്ന ചൂടിന്റെ അളവ് താഴെപ്പറയും പ്രകാരമാണ്.

| പ്രായം ആഴ്ചയിൽ | ചൂട് (ലിറ്റർ വിരിച്ച തറയിൽ നിന്നും 5 സെ.മീ. മുകളിൽ) |
|---|---|
| 0-1 | 35 ഡിഗ്രി സെൽഷ്യസ് |
| 1-2 | 32 ഡിഗ്രി സെൽഷ്യസ് |
| 2-3 | 29 ഡിഗ്രി സെൽഷ്യസ് |
| 3-4 | 26 ഡിഗ്രി സെൽഷ്യസ് |

മേൽപ്പറഞ്ഞ രീതിയിൽ കുഞ്ഞുങ്ങൾക്ക് ചൂട് ലഭിക്കുന്നുണ്ടോ എന്ന് കൂടിന് പുറത്ത് നിന്നും പരിശോധിക്കാവുന്നതാണ്. കുഞ്ഞുങ്ങൾ ബ്രൂഡറിന് കീഴിൽ എങ്ങനെ പെരുമാറുന്നു എന്നു നോക്കി താപനിലയിൽ മാറ്റം വരുത്തണം.

കോഴിക്കുഞ്ഞുങ്ങൾ എല്ലാം കൂടി ബൾബിന് കീഴിൽ ഒരുമിച്ച് കൂടിനിൽക്കുകയാണെങ്കിൽ ചൂട് കൂടുതൽ ആവശ്യമെന്നർത്ഥം. ബൾബുകളുടെ എണ്ണം കൂട്ടുക.

കുഞ്ഞുങ്ങളെല്ലാം ബൾബിന് കീഴിൽ നിന്നും ദൂരെമാറി ചിക്ക് ഗാർഡിനോട് ചേർന്ന് നിൽക്കുന്നെങ്കിൽ കൂടിനുള്ളിൽ ചൂട് കൂടുതലാണെന്ന് അർത്ഥം. ബൾബുകളുടെ എണ്ണം കുറയ്ക്കുക.

കാറ്റ് കൂടുതലായി കൂടിനുള്ളിലേക്ക് അടിക്കുകയാണെങ്കിൽ എല്ലാം കൂടി ഒരറ്റത്ത് കൂടിനിൽക്കും. ശരിയായ രീതിയിൽ വേണ്ടുന്ന അളവിലാണ് ചൂട് ക്രമീകരണമെങ്കിൽ കുഞ്ഞുങ്ങൾ ഊർജ്ജസ്വലതയിൽ കൊത്തിപ്പെറുക്കി നടക്കുന്നത് കാണാം. കുഞ്ഞുങ്ങൾ വളരുന്നതിനനുസരിച്ച് ബ്രൂഡറിന് ചുറ്റുമുള്ള വലയത്തിന്റെ വിസ്തീർണ്ണം വലുതാക്കിക്കൊണ്ട് ആവശ്യാനുസരണം സ്ഥലം നൽകണം. ചിക് ഗാർഡ് ഒരാഴ്ച കഴിഞ്ഞ് എടുത്ത് മാറ്റാവുന്നതാണ്.

1 കോഴിക്കുഞ്ഞിന് ഡീപ്പ് ലിറ്ററിൽ 8 ആഴ്ച വരെ 7 ചതുരശ്ര അടി സ്ഥലം അനുവദിക്കണം.

## തീറ്റ / സ്റ്റാർട്ടർ തീറ്റ

8 ആഴ്ചവരെയുള്ള കുഞ്ഞുങ്ങൾക്ക് നൽകുന്ന സമീകൃതാഹാരമാണ് സ്റ്റാർട്ടർ തീറ്റ സ്റ്റാർട്ടർ തീറ്റയിൽ 20 ശതമാനം പ്രോട്ടീൻ അഥവാ മാംസ്യം ഉണ്ടായിരിക്കണം. വിവിധ കമ്പനികളുടെ തരിരൂപത്തിലും ഗുളിക രൂപത്തിലുമുള്ള തീറ്റ മാർക്കറ്റിൽ ലഭ്യമാണ്. മഞ്ഞച്ചോളം, കടലപ്പിണ്ണാക്ക്, എള്ളിൻപിണ്ണാക്ക്, ഉണക്കക്കപ്പ, ഗോതമ്പ്, നുറുക്ക് അരി, ഉപ്പില്ലാത്ത ഉണക്കമീൻ, ധാതുലവണ മിശ്രിതം ഇവയൊക്കെ വേണ്ടുന്ന അളവിൽ പൊടിച്ചതാണ് സമീകൃത തീറ്റ.

ആദ്യത്തെ 2-3 ദിവസം തീറ്റ ഹോവറിന് കീഴിൽ പേപ്പറിലോ ട്രേകളിലോ നൽകാവുന്നതാണ്. അതിനുശേഷം കുഞ്ഞുങ്ങൾക്കുള്ള ഗ്രിൽ വച്ച് നീണ്ട തീറ്റപ്പാത്രങ്ങൾ നൽകാവുന്നതാണ്. ഗ്രില്ലുകൾ തീറ്റ പാഴാക്കി കളയാതിരിക്കാനാണ്. ചിലവ് കുറയ്ക്കാൻ മുളകൊണ്ടുള്ള തീറ്റ പ്പാത്രങ്ങൾ നിർമ്മിക്കാം. നീളമുള്ള തീറ്റപ്പാത്രത്തിന്റെ രണ്ടുവശവും കണക്കിലെടുത്താണ് 1 കുഞ്ഞിന് വേണ്ട തീറ്റസ്ഥലം കണക്കാക്കുന്നത്. 2 ആഴ്ച വരെ 1 കുഞ്ഞിന് 2.5 സെന്റീമീറ്റർ സ്ഥലവും 3 ആഴ്ച മുതൽ 4.5 സെന്റീമീറ്റർ എന്ന നിരക്കിലും സ്ഥലം നൽകണം. തൂക്കിയിടുന്ന തീറ്റപ്പാത്രങ്ങളാണെങ്കിൽ 100 കുഞ്ഞുങ്ങൾക്ക് 12 കിലോഗ്രാം തീറ്റ കൊള്ളുന്ന 36 സെ.മീ. വ്യാസമുള്ള 3 തീറ്റപ്പാത്രങ്ങൾ വേണം. ആദ്യത്തെ രണ്ടുദിവസം തീറ്റപ്പാത്രങ്ങൾ അവയുടെ വക്കുവരെ നിറയ്ക്കുകയും അതിനുശേഷം അര ഭാഗമോ, മൂന്നിൽ രണ്ട് ഭാഗമോ മാത്രമേ നിറയ്ക്കാവൂ (തീറ്റ പാഴാകാതിരിക്കാൻ)

8 ആഴ്ച പ്രായമായ 1 കോഴിക്കുഞ്ഞിന് 1 ദിവസം കഴിക്കുന്ന തീറ്റയുടെ ശരാശരി അളവ് ചുവടെ ചേർക്കുന്നു.

| പ്രായം | തീറ്റയുടെ അളവ് ഗ്രാമിൽ (1 കുഞ്ഞ് 1 ദിവസം കഴിക്കുന്നത് ) |
|---|---|
| 1 ആഴ്ച | 6.5 |
| 2 ആഴ്ച | 13 |
| 3 ആഴ്ച | 17 |
| 4 ആഴ്ച | 24 |
| 5 ആഴ്ച | 32 |
| 6 ആഴ്ച | 37 |
| 7 ആഴ്ച | 40 |
| 8 ആഴ്ച | 49 |

അതായത് 8 ആഴ്ച വരെ കുഞ്ഞിന് ഏകദേശം 1.5 കിലോഗ്രാം തീറ്റ വേണ്ടിവരും.



## വെള്ളം

വൃത്തിയുള്ള തണുത്തവെള്ളം എപ്പോഴും കുഞ്ഞുങ്ങൾക്ക് ലഭ്യമാക്കണം. വെള്ളപ്പാത്രങ്ങൾ ചിലവ് കുറഞ്ഞതും ദിവസേന വൃത്തിയാക്കാൻ എളുപ്പമുള്ളതുമായിരിക്കണം. ഫൗണ്ടർ രൂപത്തിലുള്ള വെള്ളപ്പാത്രങ്ങളാണ് കുഞ്ഞുങ്ങൾക്ക് ഉത്തമം.

വെള്ളം താഴെ വീണ് ലിറ്റർ നനയാൻ പാടില്ല. 100 കുഞ്ഞുങ്ങൾക്ക് 5 ലിറ്റർ കൊള്ളുന്ന 2 വെള്ളപ്പാത്രങ്ങൾ ഉപയോഗിക്കണം. ഹോവറിന് കീഴിൽ വെള്ളപ്പാത്രങ്ങൾ ചൂടാകാൻ ഇടയാകുന്നു. വെള്ളം ചൂടായാൽ കുഞ്ഞുങ്ങൾ വെള്ളം കുടിക്കുന്നത് കുറയുകയും മരണത്തിന് കാരണമാകുകയും ചെയ്യും. വെള്ളത്തിൽ വിറ്റാമിനുകൾ ( വിറ്റമിൻ ബി, എ, സി) ചേർത്ത് നൽകേണ്ടതാണ്.

## വളരുന്ന കോഴികൾ (9–19 ആഴ്ച പ്രായം)

ഈ പ്രായത്തിൽ ശരിയായ വളർച്ചയും ആരോഗ്യമില്ലാത്തതുമായ കുഞ്ഞുങ്ങളെ തിരഞ്ഞ് മാറ്റേണ്ടതാണ്. ഈ പ്രായത്തിൽ നൽകുന്ന തീറ്റയ്ക്ക് ഗ്രോവർ തീറ്റ എന്ന് പറയുന്നു. മാർക്കറ്റിൽ ലഭ്യമായ ഈ തീറ്റയിൽ 16% മാംസ്യം അടങ്ങിയിരിക്കുന്നു.

ഈ കാലഘട്ടത്തിൽ 1 കോഴി കഴിക്കുന്ന തീറ്റയുടെ ശരാശരി അളവ് ചുവടെ ചേർക്കുന്നു.

| പ്രായം ആഴ്ചയിൽ | 1 കോഴി 1 ദിവസം കഴിക്കുന്ന തീറ്റ (ഗ്രാമിൽ) |
|---|---|
| 9 | 50 |
| 10 | 53 |
| 11 | 58 |
| 12 | 60 |
| 13 | 60 |
| 14 | 60 |
| 15 | 62 |
| 16 | 62 |
| 17 | 65 |
| 18 | 70 |
| 19 | 75 |

അതായത് ഈ വളർച്ചാ ഘട്ടത്തിൽ 1 കോഴിക്ക് ഏകദേശം 6 കി.ഗ്രാം തീറ്റ വേണമെന്നർത്ഥം. ഡീപ്പ് ലിറ്ററിൽ വളർത്തുമ്പോൾ തീറ്റപ്പാത്രങ്ങളുടെ

എണ്ണം കൂട്ടുക. തൂക്കിയിടുന്നവയെങ്കിൽ 50 കോഴികൾക്ക് 25 കിലോഗ്രാം കൊള്ളുന്ന 1 പാത്രം എന്ന നിരക്കിൽ കൊടുക്കണം. തീറ്റപ്പാത്രങ്ങളുടെ വായ് ഭാഗം കോഴികളുടെ മുതുക് നിരപ്പിൽ ആയിരിക്കണം. അതിനാൽ വളർച്ചയനുസരിച്ച് തീറ്റപ്പാത്രങ്ങൾ ഉയർത്തിക്കെട്ടണം.

ശുദ്ധമായ തണുത്ത വെള്ളം ലഭ്യമാക്കുക. വെള്ളപ്പാത്രങ്ങളുടെ എണ്ണം കൂട്ടുക.

വീട്ടുവളപ്പിലേക്കാണ് ഈ പ്രായത്തിലുള്ള കോഴികളെ കൊണ്ടുപോകുന്നതെങ്കിൽ അവയ്ക്ക് പ്രായത്തിന് അനുസൃതമായി 50% കൈ തീറ്റ നൽകണം. പാർപ്പിട സമുച്ചയങ്ങളുടെ ക്രമാതീതമായ വർദ്ധനവ്മൂലമുണ്ടായ സ്ഥല പരിമിതിയും, വിളവാശിഷ്ടങ്ങളുടെ ലഭ്യതക്കുറവും, അണുകുടുംബങ്ങളുടെ മിച്ചാഹാരത്തിന്റെ പരിമിതിയും, കൈവശ ഭൂമി ചുരുങ്ങിയതും കോഴികളുടെ പറമ്പിൽ നിന്നുമുള്ള തീറ്റ സംഭരണത്തെ ഗണ്യമായി ബാധിച്ചു. അതുകൊണ്ട് അടുക്കളയിലെ മിച്ച ഭക്ഷണത്തോടൊപ്പം പറമ്പിൽ നിന്നും ചിക്കി ചികഞ്ഞ് സ്വരൂപിക്കുന്ന തീറ്റ തികയാതെ വരുന്നു. തീറ്റയുടെ കുറവ് ഉൽപ്പാദനക്ഷമതയെ ഗണ്യമായി ബാധിക്കുന്നു. ഇതിന് പരിഹാരമായി ഹോട്ടലിലെ മിച്ചാഹാരം, പഴം, പച്ചക്കറി കടകളിലെ മിച്ച വസ്തുക്കൾ, വീട്ടിലെ ഉപയോഗ്യശൂന്യമായ ധാന്യങ്ങൾ എന്നിവയും ഉപയോഗപ്പെടുത്തണം. അതൊടൊപ്പം 50% കൈതീറ്റയും നൽകിയാൽ മുട്ടയുൽപ്പാദനം ഗണ്യമായി വർദ്ധിക്കും. ഡീപ്പ് ലിറ്ററിൽ വളർത്തിയ സങ്കരയിനം കോഴിക്കുഞ്ഞുങ്ങളെയാണ് നാം വീട്ടുവളപ്പിൽ അഴിച്ചുവിട്ട് വളർത്തുന്നത്. അതിനാൽ അവയെ വീട്ടുവളപ്പിൽ നിന്ന് തീറ്റ ശേഖരിക്കുവാൻ പരിശീലിപ്പിക്കേണ്ടതാണ്. കോഴിയെ വാങ്ങിക്കൊണ്ട് വന്നശേഷം ആദ്യം കുറച്ച് തീറ്റ കൂടിന്റെ പരിസരത്ത് വിതറിക്കൊടുക്കുക. പിന്നീട് കുറച്ച് ദൂരേക്ക് വിതറിക്കൊടുക്കുക. വീട്ടിലെ മിച്ചഭക്ഷണം വിതറിക്കൊടുത്തു പറമ്പിൽ നിന്ന് തീറ്റ എടുക്കുവാൻ ശീലിക്കുന്നു.

## പ്രായപൂർത്തിയായ കോഴികൾ (20 ആഴ്ച മുതൽ)

വളർച്ച മുരടിച്ചവയേയും കാലിന് ക്ഷതം ഉള്ളവയേയും ഒക്കെ തിരഞ്ഞ്മാറ്റുക. ശാസ്ത്രീയമായ പരിചരണ മുറകൾ അവലംബിക്കുന്നതുകൊണ്ടു തന്നെ സങ്കരവർഗ്ഗ കോഴികൾ അഞ്ചരമാസം പ്രായമാകുമ്പോൾ മുട്ടയിട്ട് തുടങ്ങും. 1 വർഷം 180 - ൽ കുറയാതെ മുട്ടകൾ ലഭ്യമാകും. നാടൻ കോഴികളുടെ വാർഷിക ഉൽപ്പാദനം 90 - 100 മുട്ടകളാണ്. മുട്ടയുടെ തോടിന്റെ നിറം ബ്രൗണോ വെളളയോ ചെവിക്കൂടയുടെ നിറം നോക്കി ഏറെക്കുറെ അറിയാൻ കഴിയും.

മുട്ടയിടുന്നതിന് മുൻപുള്ള ചേഷ്ടകൾ മനസ്സിലാക്കി 5 കോഴിക്ക് 1 പെട്ടി എന്ന നിരക്കിൽ 30*30*45 സെന്റീമീറ്റർ അളവിലുള്ള മുട്ടപ്പെട്ടികൾ കൂട്ടിൽ സജ്ജീകരിക്കണം. ഇതിനുള്ളിൽ വൈക്കോൽ, അറുക്കപൊടി എന്നിവകൊണ്ട് വിരിപ്പുണ്ടാക്കണം. മുട്ട പൊട്ടാതിരിക്കാനും, അഴുകാതിരിക്കാനുമാണ് ഇങ്ങനെ വിരിപ്പ് നൽകുന്നത്. വീട്ടുവളപ്പിൽ വളർത്തുമ്പോൾ ഇരുണ്ടതും വായുസഞ്ചാരമുളളതുമായ സ്ഥലത്ത് 5 കോഴിക്ക് 1 എന്ന നിരക്കിൽ വായ് വിസ്താരമുളള കലമോ, തടിപ്പെട്ടിയോ കുട്ടയോ സ്ഥാപിക്കുക. അല്ലാത്തപക്ഷം മുട്ട നഷ്ടമാകാൻ സാധ്യതയുണ്ട്.



## വെളിച്ചം

മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കാൻ കൂട്ടിൽ കൃത്രിമ വെളിച്ചം നൽകണം. മുട്ടയുൽപ്പാദനം വെളിച്ചവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ 22 - ാമത്തെ ആഴ്ച മുതൽ സൂര്യാസ്തമനത്തിന് ശേഷം 15 മിനിട്ട് വീതം കൃത്രിമ വെളിച്ചം നൽകി തുടങ്ങണം. അങ്ങനെ 33 - ാമത്തെ ആഴ്ച എത്തുമ്പോൾ പകൽ വെളിച്ചവും കൃത്രിമവെളിച്ചവും കൂടി മൊത്തം 16 മണിക്കൂറായി വർദ്ധിപ്പിക്കുകയും അത് തുടരുകയും ചെയ്യണം. ഇതിനായി കോഴി ഒന്നിന് ഒരു വാട്ട് എന്ന തോതിൽ ബൾബുകൾ ഇടുക.

## തീറ്റ

ഈ പ്രായത്തിൽ നൽകുന്ന തീറ്റയാണ് ലേയർ തീറ്റ. ഇതിൽ 10% മാംസ്യം അടങ്ങിയിരിക്കുന്നു. പ്രായപൂർത്തിയായ ഒരു സങ്കരയിനം കോഴിക്ക് പ്രതിദിനം 110 - 120 ഗ്രാം തീറ്റ ആവശ്യമാണ്. 20 - 25 കിലോഗ്രാം കൊള്ളുന്ന 5 തീറ്റ പാത്രങ്ങൾ 100 കോഴിക്ക് എന്ന കണക്കിൽ കൂട്ടിൽ സജ്ജീകരിക്കണം. തീറ്റ പാത്രങ്ങളുടെ വക്ക് (വായ) കോഴികളുടെ മുതുക് നിരപ്പിൽ മുകളിൽ നിൽക്കത്തക്കവണ്ണം കെട്ടിത്തൂക്കിയിടണം. തീറ്റ പാത്രങ്ങൾ മുന്നിൽ ഒരു ഭാഗം മാത്രം നിറയ്ക്കുക. 20 മുതൽ 72 ആഴ്ചവരെയുള്ള കാലഘട്ടത്തിൽ ഒരു കോഴിക്ക് 50 - 55 കിലോഗ്രാം തീറ്റ വേണ്ടിവരും. പച്ചപ്പുല്ല് 100 കോഴിക്ക 1 - 2 കിലോഗ്രാം എന്ന കണക്കിൽ അരിഞ്ഞിട്ടോ കെട്ടിയിട്ടോ നൽകുക.

### വീട്ടുവളപ്പിൽ വളർത്തുമ്പോൾ താഴെപ്പറയുന്ന ഘടകങ്ങളുപയോഗിച്ച് തീറ്റ നിർമ്മിക്കാം.

10 കിലോഗ്രാം തീറ്റ നിർമ്മാണത്തിന് 2 ഉദാഹരണങ്ങൾ

| | | | |
|---|---|---|---|
| കടലപ്പിണ്ണാക്ക് (കിലോ) | - | 5.2 | 6 |
| എള്ളിൻ പിണ്ണാക്ക് (കിലോ) | - | 2.0 | - |
| ഉപ്പില്ലാത്ത ഉണക്കമീൻ (കിലോ) | - | 2.0 | 3.2 |
| ഉണക്ക കപ്പ/ഗോതമ്പ്/ നുറുക്ക് അരി (കിലോ) | - | 0.4 | 0.4 |
| ധാതുലവണ മിശ്രിതം (കിലോ) | - | 0.4 | 0.4 |
| ആകെ | - | 10 | 10 |

വെള്ളപാത്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക (വീട്ടുവളപ്പിൽ വളർത്തുമ്പോൾ 55-60 ഗ്രാം കൈത്തീറ്റ നൽകണം. അതായത് 10 കോഴിക്ക് 600 ഗ്രാം നൽകണം) തീറ്റ മിശ്രിതം നൽകേണ്ട അളവ് 1-8 ആഴ്ച മുതൽ 5 ഗ്രാം തീറ്റ+10 ഗ്രാം അരി, തവിട് 9-19 5 ഗ്രാം തീറ്റ + 20 ഗ്രാം 20 ആഴ്ച മുതൽ 10 ഗ്രാം + 40 ഗ്രാം തീറ്റ നനയ്ക്കാതെ പൊടിരൂപത്തിൽ നൽകുക. പൂപ്പൽ കലർന്ന തീറ്റ നൽകുക. ലാഭകരമായ മുട്ടയുൽപാദനകാലം 72 ആഴ്ച അഥവാ ഒന്നര വർഷമാണ്. അതിനാൽ ഒന്നരവർഷം വളർത്തിയ ശേഷം ഇവയെ ഇറച്ചിക്കായി വിൽക്കുകയും, പുതിയ ബാച്ചിനെ വാങ്ങി വളർത്താവുന്നതുമാണ്. ഈ പ്രായത്തിൽ കാൽസ്യത്തിന്റെ കുറവ് പരിഹരിക്കാൻ ഷെൽ ഗ്രിട്ട് അഥവാ പച്ച കക്ക നൽകുക.

## പ്രതിരോധ കുത്തിവയ്പ്പുകൾ (വാക്സിനേഷൻ)

നമ്മുടെ നാട്ടിലെ കോഴികൾക്ക് സാധാരണയായി കണ്ടുവരുന്ന രോഗങ്ങളായ മാരക്സ്, കോഴിവസന്ത, കോഴിവസൂരി, ഐ.ബി.ഡി. എന്നിവയ്ക്കെതിരെ നിർബന്ധമായും കുത്തിവെയ്പ്പ് എടുക്കണം. കോഴിക്കുഞ്ഞുങ്ങൾ വിരിഞ്ഞിറങ്ങുന്ന ദിവസം തന്നെ ഹാച്ചറികളിൽ നിന്നും മാരക്സ് രോഗത്തിനെതിരെയുളള പ്രതിരോധ മരുന്ന് നൽകാറുണ്ട്.

| പ്രായം | രോഗം | വാക്സിൻ | കൊടുക്കേണ്ട വിധം |
|---|---|---|---|
| 5-7 ദിവസം | കോഴിവസന്ത | ആർ.ഡി.7 | കണ്ണിലും മൂക്കിലും ഓരോ തുളളി |
| 10-14 ദിവസം | ഐ.ബി.ഡി | ഐ.ബി.ഡി വാക്സിൻ | കുടിക്കുന്ന വെളളത്തിൽ ചേർത്ത് |
| 24-28 ദിവസം | ഐ.ബി.ഡി | ഐ.ബി.ഡി | കുടിക്കുന്ന വെളളത്തിൽ ചേർത്ത് |
| 6-8 ആഴ്ച | കോഴിവസൂരി വാക്സിൻ | ഫൗൾപോക്സ് | മൂർച്ചയില്ലാത്ത സൂചിയിൽ മുക്കി ചിറകിലെ ചർമത്തിൽ കുത്തുക |

## കർഷകർ നിർബന്ധമായും നൽകേണ്ട പ്രതിരോധ കുത്തിവയ്പ്പുകൾ

ഇൻസ്റ്റിട്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസ് പാലോട് എന്ന മൃഗസംരക്ഷണ വകുപ്പ് സ്ഥാപനത്തിൽ നിന്നും മൃഗാശുപത്രികൾ മുഖേനയും, മെഡിക്കൽ സ്റ്റോറിൽ നിന്നും പ്രതിരോധ മരുന്നുകൾ വാങ്ങാവുന്നതാണ്. വീട്ടുവളപ്പിൽ വളർത്തുന്ന കോഴികൾക്കും പ്രതിരോധ കുത്തിവയ്പ്പുകൾ അതിരാവിലെ നൽകുന്നതാണ് ഉത്തമം. പ്രതിരോധ കുത്തിവയ്പ്പ് മുതലുളള ക്ഷീണം ഒഴിവാക്കുന്നതിനായി വിറ്റാമിൻ സി പോലുളള മരുന്നുകൾ നൽകാവുന്നതാണ്.



## വിരയിളക്കൽ

കോഴി വസന്തയുടെ രണ്ടാമത്തെ കുത്തിവയ്പ്പ് (6-8 ആഴ്ച) എടുക്കുന്നതിന് ഒരാഴ്ച മുൻപ് വിരയിളക്കണം. അതിനുശേഷം 3 ആഴ്ച ഇടവേളകളിൽ 3 വിരയിളക്കൽ കൂടി നൽകണം. വീട്ടുവളപ്പിൽ വളർത്തുന്ന കോഴികളെ നിർബന്ധമായും എല്ലാ മാസവും വിരയിളക്കണം. മരുന്നുകൾ കുടിക്കുന്ന വെളളത്തിൽ ചേർത്തുകൊടുക്കുമ്പോൾ 4 മണിക്കൂറിൽ കുടിച്ച് തീരുന്നത്ര വെളളം മാത്രമേ നൽകാവൂ. അതായത് 6 ആഴ്ച പ്രായമുളള 100 എണ്ണത്തിന് ദിവസേന ഏകദേശം 6 ലിറ്റർ വെളളം വേണം. അത് കുടിച്ച് കഴിഞ്ഞശേഷം മാത്രം കുടിക്കാൻ വെളളം നൽകുക.

## ചുണ്ടുമുറിക്കൽ

കാനിബാലിസം തടയുന്നതിനും, തീറ്റ ചെക്കി കളയുന്നതു ഒഴിവാക്കുന്നതിനുമാണ് ചുണ്ട് മുറിക്കുന്നത്. കോഴികൾ തമ്മിൽ കൊത്തി മുറിവേൽപ്പിക്കുന്ന സ്വഭാവമാണ് കാനിബാലിസം. കൂട്ടിൽ ആവശ്യത്തിന് സ്ഥലവും, കാറ്റും വെളിച്ചവും വേണ്ടത്ര അളവിൽ തീറ്റയും ലഭിക്കാതിരിക്കുകയും, തീറ്റയിൽ പോഷകങ്ങളുടെ കുറവ് അനുഭവപ്പെടുകയും ചെയ്യുമ്പോഴാണ് കോഴികളിൽ ഈ ദുംഖ സ്വഭാവം ഉണ്ടാകുന്നത്. കാനിബാലിസം തടയുന്നതിനായി മേൽകുറവുകൾ പരിഹരിക്കുന്നതോടൊപ്പം ചുണ്ടുമുറിക്കലും പ്രാവർത്തികമാക്കാം.

കുഞ്ഞുങ്ങൾ 2 ആഴ്ച പ്രായം ആകുമ്പോൾ മേൽചുണ്ടിന്റെ മൂന്നിലൊന്ന് ഭാഗമാണ് മുറിക്കുക. 16-ാമത്തെ ആഴ്ചയിൽ ആവശ്യമെങ്കിൽ ഒന്നുകൂടി മുറിക്കാം. ഡീബീക്കർ എന്ന യന്ത്രമുപയോഗിച്ചാണ് ചുണ്ട് മുറിക്കുന്നത്. പരിശീലനം നേടിയവർ ചുണ്ടുമുറിച്ചില്ലെങ്കിൽ നാക്ക് മുറിഞ്ഞ് പോകുവാൻ സാധ്യതയുണ്ട്. വീട്ടുവളപ്പിൽ വളർത്തുന്ന കോഴികളെ ചുണ്ടുമുറിക്കാൻ പാടില്ല. തീറ്റ പറമ്പിൽ നിന്നും ശേഖരിക്കാൻ കഴിയാതെ വരും.

## രോഗങ്ങളും നിവാരണ മാർഗ്ഗങ്ങളും

പ്രകൃതിയിലും കാലാവസ്ഥയിലും ഉണ്ടാകുന്ന വ്യത്യാസം പോഷകാഹാരകുറവ്, വെളളത്തിന്റെ ദൗർലഭ്യം, മലിനീകരണം, ഈർപ്പം, പരിപാലനത്തിലെ പോരായ്മകൾ ഇവയെല്ലാം രോഗങ്ങൾക്ക് കാരണമാകുന്നു. രോഗം മൂലം ഉൽപാദനം കുറയുന്നു. മരണം സംഭവിക്കുന്നു. രോഗവിമുക്തരായ കോഴികൾ, രോഗവാഹകരായി തുടരുന്നു. അതിനാൽ രോഗലക്ഷണങ്ങൾ കണ്ട് തുടങ്ങുമ്പോൾ തന്നെ അടുത്തുളള മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് തക്ക സമയത്ത് തന്നെ ചികിത്സ തേടേണ്ടതാണ്. വൈറസ്, ബാക്ടീരിയ, പ്രോട്ടോസോവ, വിരകൾ, ബാഹ്യ പരാദങ്ങൾ എന്നിവയാണ് സാധാരണയായി മുട്ടക്കോഴികളിൽ രോഗങ്ങൾ ഉണ്ടാക്കുന്നത്.

## വൈറൽ രോഗങ്ങൾ - കോഴിവസന്തരോഗം

കോഴികളെ ബാധിക്കുന്ന ഏറ്റവും മാരകമായ രോഗമാണിത്. ശ്വാസതടസ്സം, മുട്ടയുൽപ്പാദനം കുറയ്ക്കുക, പച്ചനിറത്തിലുള്ള വയറിളക്കം, ചിറകുകൾക്കും കാലിനും തളർച്ച, കുഴഞ്ഞ് വീഴുക തുടങ്ങിയവയാണ് രോഗലക്ഷണങ്ങൾ. രോഗലക്ഷണങ്ങൾ കണ്ടുകഴിഞ്ഞാൽ 2-10 ദിവസത്തിനകം മരണം സംഭവിക്കാം. ഈ മാരകമായ രോഗത്തെ പ്രതിരോധിക്കാനാണ് ആദ്യത്തെ ആഴ്ചയിൽ ആർ.ഡി.എഫ് കുത്തിവയ്പ്പും 6-8 ആഴ്ച പ്രായത്തിൽ ആർ.ഡി.കെ. യും തുടർന്ന് 16-ാമത്തെ ആഴ്ചയിൽ ആർ.ഡി.കെ. ഒന്നുകൂടിയും നൽകുന്നത്. അതിനുശേഷം വർഷംതോറും കുത്തിവയ്പ്പ് നടത്താം.

### കോഴിവസൂരി/ കോഴിക്കുരുപ്പ് (രോഗം രണ്ട് വിധം)

#### തൊലിയെ ബാധിക്കുന്നത് :-

പൂവ്, ചെവി, കൺപോള, ചുണ്ടിന്റെ മൂല എന്നിവിടങ്ങളിൽ വ്രണങ്ങൾ ഉണ്ടാകുന്നു. പല വ്രണങ്ങൾ ചേർന്ന് അരിമ്പാറപോലെ ആകുന്നു. പൊരിക്ക ആയി കൊഴിയുകയും ചെയ്യുന്നു.

#### ശ്വാസനാളത്തെ ബാധിക്കുന്നത് :-

വായ്,നാക്ക്,അണ്ണാക്ക് എന്നീ ഭാഗങ്ങളിൽ വെളുത്ത പാടയുണ്ടാകുന്നു. തീറ്റ എടുക്കാനോ ശ്വസിക്കാനോ ആകാതെ മരണം സംഭവിക്കുന്നു. മാരകമല്ലാത്ത ഈ രോഗത്തെ പ്രതിരോധിക്കാനാണ് 6-8 ആഴ്ച പ്രായത്തിൽ കോഴിവസൂരിക്കെതിരെയുള്ള ഫൗൾ പോക്സ് വാക്സിനേഷൻ ചെയ്യുന്നത്. രോഗപ്രതിരോധശേഷി ജീവിതകാലം മുഴുവൻ നിലനിൽക്കും.

### മാരക്സ് രോഗം

6-24 ആഴ്ച പ്രായത്തിലുള്ള കോഴിക്കുഞ്ഞുങ്ങളെ ബാധിക്കുന്നു. മന്ദത, തൂവലുകൾ എഴുന്ന് നിൽക്കുക, വളർച്ചക്കുറവ്, വിറയൽ, വെള്ളനിറത്തിലുള്ള വയറ്റിളക്കം എന്നിവയാണ് ലക്ഷണങ്ങൾ. ശരീരത്തിൽ രോഗപ്രതിരോധശേഷിയെ ബാധിക്കുന്നതിനാൽ മറ്റ് രോഗങ്ങളും പിടിപെടാൻ സാധ്യതയുണ്ട്. ഈ രോഗത്തിനെതിരെയാണ് 10-14 ദിവസം പ്രായത്തിലും തുടർന്ന് 24-28 ദിവസം പ്രായത്തിലുമുള്ള രണ്ട് പ്രതിരോധ കുത്തിവയ്പ്പുകൾ കുടിവെള്ളത്തിൽ കലക്കി കൊടുക്കുന്നത്.

### കൊറൈസാ രോഗം

ഹീമോഫൈലസ് എന്ന ബാക്ടീരിയയാണ് ഈ രോഗമുണ്ടാക്കുന്നത്. മുഖത്ത് നീർവീഴ്ച്ച, മൂക്കിൽ നിന്ന് സ്രവം, കണ്ണിൽ പീള, ശ്വാസതടസ്സം എന്നിവ



രോഗലക്ഷണങ്ങൾ. രോഗം വരാതിരിക്കാൻ കൂടുകൾ അണുനാശിനി ഉപയോഗിച്ച് വൃത്തിയാക്കുകയും ശുചിത്വം പാലിക്കുകയും ചെയ്യണം. അസുഖം വന്നാൽ മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് ചികിത്സ നേടുക.

### രക്തിസാരം

ഐമീറിയ എന്ന പ്രോട്ടോസോവ വിഭാഗം അണുക്കളാണ് രോഗഹേതു. ഈ അണുക്കൾ തീറ്റയും വെള്ളവും മലിനമാക്കുകയും അതുവഴി രോഗം വ്യാപിപ്പിക്കുകയും ചെയ്യുന്നു. രക്തം കലർന്ന വയറിളക്കമാണ് ലക്ഷണം. ചികിത്സ തേടേണ്ടത് അത്യാവശ്യമാണ്. കാരണം മരണനിരക്ക് വളരെയധികമാണ്. ശുചിത്വം പാലിക്കുകയും കോക്സഡിയോസാറ്റ് ചേർന്ന തീറ്റ നൽകുകയുമാണ് നിവാരണ മാർഗ്ഗം.

### വിരബാധ

അസ്കരിഡിയ വിഭാഗത്തിൽപ്പെട്ട ഉരുണ്ട വിരകൾ കോഴിയുടെ ചെറുകുടലിൽ കാണുന്നു. തളർച്ച, ഭാരക്കുറവ്, വയറിളക്കം, മുട്ടയുൽപ്പാദനം കുറയുക തുടങ്ങിയവയാണ് രോഗലക്ഷണങ്ങൾ. വിരകളുടെ മുട്ടകളാൽ മലിനമായ തീറ്റയിലൂടെയും വെള്ളത്തിലൂടെയും വിരബാധ ഉണ്ടാകുന്നു. വിരയിളക്കലാണ് നിവാരണ മാർഗ്ഗം.

ശ്വാസനാളത്തിൽ കാണപ്പെടുന്ന ചുവന്ന നിറത്തിലുള്ള വിരയാണ് സിംഗാമസ് അഥവാ ഗോപ് വേം. ആൺ പെൺ വിരകൾ ഇണചേർന്ന് വൈയുടെ ആകൃതിയിൽ ശ്വാസനാളത്തിൽ കാണപ്പെടുന്നു. വീട്ടുവളപ്പിൽ വളർത്തുന്ന കോഴികളിലാണ് ഇത് സാധാരണയായി കാണപ്പെടുന്നത്. ഒച്ചുകളിൽ കൂടിയാണ് ഈ വിരയുടെ ലാർവകൾ കോഴികളിൽ എത്തുന്നത്. ചുമ, തളർച്ച, മുകളിലേക്ക് കഴുത്ത് നീട്ടി വായ തുറന്ന് ചെറിയ ശബ്ദം പുറപ്പെടുവിക്കുക, തലകുടയുക തുടങ്ങിയവയാണ് സിംഗാമസ് വിരബാധയുടെ ലക്ഷണങ്ങൾ. വിരയിളക്കൽ നിവാരണ മാർഗ്ഗം. താല്ക്കാലികമായി വെളുത്തുള്ളി വാട്ടി പിഴിഞ്ഞ നീര് നൽകാം.

### ബാഹ്യപരാദങ്ങൾ

ചെള്ള്, പേൻ തുടങ്ങിയവയാണ് ബാഹ്യപരാദങ്ങൾ. പേനുകൾ തൂവലിനടിയിലാണ് കാണുക. പൂവിലും താടയിലും കണ്ണിനുചുറ്റും ചെള്ള് പറ്റിപ്പിടിച്ചിരിക്കുന്നു. ഇവ രണ്ടും രക്തം കുടിക്കുന്നതിനാൽ കോഴിക്ക് വേദനയും അസ്വസ്തതയും ഉണ്ടാക്കുന്നു. വിളർച്ച ബാധിക്കുകയും മുട്ടയുൽപ്പാദനം കുറയുകയും ചെയ്യുന്നു. രോഗനിവാരണത്തിനായി കോഴിയുടെ തലയൊഴികെയുള്ള ഭാഗം നേർപ്പിച്ച കീടനാശിനി ലായനിയിൽ മുക്കിവിടണം. കൂട്ടിലും പരിസ

രത്തും കീടനാശിനികൾ തളിക്കണം. അമിത വിഷാംശമുള്ളതിനാൽ കീടനാശിനികൾ ശ്രദ്ധയോടെ ഡോക്ടറുടെ നിർദ്ദേശ പ്രകാരമാണ് ഉപയോഗിക്കേണ്ടത്.

## ലിറ്റർ പരിപാലനം

10 - ൽ കൂടുതൽ കോഴികളെ കോൺക്രീറ്റ് തറകളിൽ അറുക്കപ്പൊടി വിരിച്ച് വളർത്തുന്നു. കോഴികാഷ്ഠത്തിലെ വെള്ളം വലിച്ചെടുക്കുന്നതിനാൽ ആണ് ലിറ്റർ ഉപയോഗിക്കുന്നത്. ആദ്യം തറയിൽ 5 സെന്റീമീറ്റർ കനത്തിൽ ലിറ്റർ ഇടുന്നു. അങ്ങനെ 10 സെന്റീമീറ്റർ കനം എത്തുന്നതുവരെ ലിറ്റർ ഇടാവുന്നതാണ്. ഒരു ചതുരശ്ര മീറ്ററിന് 10 ലിറ്റർ ആവശ്യമാണ്. ലിറ്റർ 2 ആഴ്ച ഇടവേളകളിൽ ഇളക്കി കൊടുക്കണം. മഴ സമയമാണെങ്കിൽ ആഴ്ചയിൽ ഒരിക്കൽ ഇളക്കണം. വിരയിളക്കുന്നതിന്റെ പിറ്റേദിവസം നിർബന്ധമായും ലിറ്റർ ഇളക്കണം. ലിറ്റർ എപ്പോഴും ഉണക്കുള്ളതായിരിക്കണം. വെള്ളം വീണ് ലിറ്റർ നനയുകയാണെങ്കിൽ നനഞ്ഞ ഭാഗത്തെ ലിറ്റർ മാറ്റി പുതിയവ ഇട്ടുകൊടുക്കണം. ലിറ്ററിലുള്ള അണുക്കളെ നശിപ്പിക്കുന്നതിനും ഈർപ്പം പോകാനും വളം (കോഴിക്കാഷ്ഠവുമായി ചേർന്ന് വരുന്ന ലിറ്റർ) അമൂല്യ ജൈവവളമാണ്. സസ്യങ്ങൾക്കാവശ്യമായ നൈട്രജൻ ഫോസ്ഫറസ്, പൊട്ടാഷ് എന്നിവകൊണ്ട് സമ്പുഷ്ടമാണ്.

## കർഷകർ അറിയാൻ

1. മൃഗസംരക്ഷണ വകുപ്പ് പരിശീലന കേന്ദ്രങ്ങളിൽ നിന്നും നിർബന്ധമായും മുട്ടക്കോഴി പരിശീലനം നേടുക.
2. വിശ്വാസയോഗ്യമായ സർക്കാർ/ അർദ്ധസർക്കാർ അംഗീകൃത പ്രൈവറ്റ് ഹാച്ചറികൾ/നഴ്സറികളിൽ നിന്നുമാത്രം കോഴിക്കുഞ്ഞുങ്ങളെ വാങ്ങുക.
3. ജനിതകഗുണമുള്ള സങ്കരവർഗ്ഗ കോഴിക്കുഞ്ഞുങ്ങളെ വാങ്ങുക.
4. ശാസ്ത്രീയ പരിപാലനമുറകൾ നിർബന്ധമായും പാലിക്കുക.
5. പ്രതിരോധ കുത്തിവയ്പ്പുകൾ വേണ്ടസമയത്ത് നൽകുക.
6. കോഴിവളർത്തലിൽ 60 - 70 % തീറ്റയ്ക്ക് വേണ്ടിയാണ് ചിലവാകുന്നത്.
7. ഗുണനിലവാരമുള്ള സമീകൃത തീറ്റ ഉറപ്പാക്കുക.
8. പ്രായത്തിനനുസൃതമായി സ്റ്റാട്ടർ/ ഗ്രോവർ/ലേയർ തീറ്റകൾ വേണ്ടുന്ന അളവിൽ നൽകുക.
9. തീറ്റ പാഴായി പോകാതിരിക്കാൻ ശ്രദ്ധിക്കുക.
10. പൂപ്പൽ വിഷബാധ ഒഴിവാക്കുവാൻ തീറ്റ നനയാതെ സൂക്ഷിക്കുക.
11. ലിറ്റർ പരിപാലനത്തിൽ ശ്രദ്ധിക്കുക.
12. ഫാമുമായി ബന്ധപ്പെട്ട വരവുചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കുക.
13. രോഗബാധ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ ചികിത്സ നൽകുക.



14. മരണനിരക്ക് കൂടിയാൽ ഫാം നഷ്ടത്തിലേക്ക് പോകും.
    0 - 8 ആഴ്ച - 5% ൽ മരണനിരക്ക് താഴെ ആയിരിക്കണം.
    20 ആഴ്ച - 4 % താഴെ, 1 മാസം 1 % വരെ ആകാം.
15. ചത്ത കോഴികളെ അശ്രദ്ധമായി വലിച്ചെറിയരുത്.
16. കൂടിന്റെ പരിസരത്ത് നിന്നും വളരെ അകലത്തിൽ ആഴത്തിൽ കുഴിയെടുത്തു മറവ് ചെയ്യുക.
17. കോഴിക്കാഷ്ഠം അമൂല്യ ജൈവവളം.
18. കഴിയുന്നതും ഫാമുകളിൽ സന്ദർശകരെ ഒഴിവാക്കുക.
19. നബാർഡിന്റെ സബ്സിഡിയോടുകൂടി ഇടത്തര/ വൻകിട കോഴിഫാമുകൾക്ക് ബാങ്ക് വായ്പ ലഭിക്കും.
20. കോഴികളെയും കൂടും ഇൻഷ്വർ ചെയ്യുക.
21. മലിനീകരണ നിയന്ത്രണബോർഡിന്റെ സർട്ടിഫിക്കറ്റ് ഫാമുകൾക്ക് നിർബന്ധമാണ്.
22. പഞ്ചായത്തിന്റെ ലൈസൻസ് വേണ്ട സ്ഥലത്ത് എടുക്കുക.
23. സംരംഭം വിജയം കൈവരിക്കാൻ വിപണന സാധ്യത ഉറപ്പാക്കുക.


## കോഴിക്കുഞ്ഞുങ്ങൾ എവിടെ നിന്ന് ലഭിക്കും

1 ദിവസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെയാണ് എഗ്ഗർ നഴ്സറിക്കായി നമ്മുക്ക് വാങ്ങേണ്ടത്. ഗ്രാമപ്രിയ, ഗ്രാമലക്ഷ്മി തുടങ്ങിയ അടുക്കള മുറ്റത്ത് വളർത്താൻ അനുയോജ്യമായ ഇനങ്ങളാണ് ഇതിനുത്തമം. താഴെപ്പറയുന്ന സർക്കാർ ഫാമുകളിൽ നിന്ന് കോഴിക്കുഞ്ഞുങ്ങളെ ലഭിക്കും.

1. ആർ.പി.എഫ് കടനപ്പനക്കുന്ന് ബഫലോ ബ്രീഡിംഗ് ഫാം,- തിരുവനന്തപുരം - 0471 2730808
2. കുര്യോട്ടുമല - കൊല്ലം - 0475 2227485
3. സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ - ആലപ്പുഴ - 0479 2452277
4. ആർ.പി.എഫ്. മണർകാട് - കോട്ടയം
5. ആർ.പി.എഫ്. കുറുംപ്പുംപടി - എറണാകുളം - 0484 2523559
6. യൂണിവേഴ്സിറ്റി പോൾട്രിഫാം, മണ്ണുത്തി - തൃശ്ശൂർ - 0487 2370337
7. ആർ.പി.എഫ്. മലമ്പുഴ - പാലക്കാട് - 0492 4224162
8. ആർ.പി.എഫ്. മുണ്ടയാട് - കണ്ണൂർ - 0497 2721168

## കോഴിവളർത്തലിൽ പരിശീലനം നൽകുന്ന മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ

| | |
|---|---|
| എം,എൽ.റ്റി.സി, കടപ്പനക്കുന്ന് - തിരുവനന്തപുരം | 0471 2732918 |
| സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ - ആലപ്പുഴ | 0479 2452277 |
| എം,എൽ.റ്റി.സി, ആലുവ - എറണാകുളം- | 0484 2624441 |
| എം,എൽ.റ്റി.സി, മുണ്ടയാട് - കണ്ണൂർ | 0497 2721168 |




തയ്യാറാക്കിയത്

**ഡോ. എസ്.ജയബാബു**

സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ്

(അനിമൽ സയൻസ്),

**പ്രീതു കെ. പോൾ**

സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ്

(അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ),

**ഡോ. ആർ. മാരിമുത്തു,**

സീനിയർ സയന്റിസ്റ്റ് & ഹെഡ്

ഐ.സി.എ.ആർ. - കെ.വി.കെ

(ബി.എസ്.എസ്) ഇടുക്കി



amrutha 9446868990